## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4065 12.12.2018 ൽ മറുപടിയ്ക്ക്

## മെയിൽ കെയർടേക്കർ തസ്തികയിലെ ഒഴിവുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി.ടി.എ. റഹീം | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| (എ) | സാമൂഹ്യനീതി വകുപ്പിലെ കെയർടേക്കർ (മെയിൽ) തസ്തികയുടെ നിലവിലുള്ള എണ്ണം വ്യക്തമാക്കുമോ; ഇവയിൽ എത്രയെണ്ണമാണ് ഒഴിഞ്ഞുകിടക്കുന്നതെന്നും പ്രസ്തുത ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ; | (എ) | സാമൂഹ്യ നീതി/വനിതാ ശിശു വികസന വകുപ്പുകളുടെ കേഡർ സ്ട്രെങ്ത് നിശ്ചയിച്ചുകൊണ്ടുള്ള 07.10.2018 ലെ സ.ഉ (കൈ) നം.23/ 2018/സാ.നീ.വ. ഉത്തരവ് പ്രകാരം മെയിൽ കെയർ ടേക്കർ തസ്തികകളുടെ എണ്ണം 53 ആണ്. നിലവിലുണ്ടായിരുന്ന 6 ഒഴിവുകളിൽ 4 ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | 31.10.2018 ൽ സബ്ജക്ട് കമ്മിറ്റി അംഗീകരിച്ച സാമൂഹ്യനീതി വകുപ്പ് സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടം 2010 ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച സ്പെഷ്യൽ റൂൾ നിലവിൽ വരുന്നതുമായി ബന്ധപ്പെട്ട നടപടിക്രമം ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ? | (ബി) | എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ച് സാമൂഹ്യ നീതി വകുപ്പ് സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടം 2010 സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തി സ.ഉ (പി) നം.17/2018/സാ.നീ.വ. തീയതി 13.11.2018 പ്രകാരം ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.